"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ മണ്ണൂർക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 45 ൽ സർവേ നമ്പർ 291/8-4-2 ൽ ഉൾപ്പെട്ട 1.22 ആർ വസ്തു ശ്രീ.ജഹാംഗീർ എന്നയാൾക്ക് തിരികെ നൽകാൻ കുറ്റിച്ചൽ ഗ്രാമ പഞ്ചായത്തിന് അനുമതി നൽ കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.197/2022/LSGD    തീയതി,തിരുവനന്തപുരം, 24-08-2022

---

പരാമർശം:-

1. കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 14/09/2020 ലെ 11/(1)-ാം നമ്പർ തീരുമാനം.
2. പഞ്ചായത്ത് ഡയറക്ടറുടെ 28/01/2022 ലെ PAN/1332/2022-C7(DP) നമ്പർ കത്ത്.

**ഉത്തരവ്**

കാട്ടാക്കട താലൂക്കിൽ മണ്ണൂർക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 45 ൽ സർവേ നമ്പർ 291/8-4-2 ൽ ഉൾപ്പെട്ട 1.22 ആർ വസ്തു ശ്രീ.ജഹാംഗീർ, ഗ്രീൻ ലാൻഡ്, കുറ്റിച്ചൽ എന്നയാൾ തന്റെ ആശ്രിതയ്ക്ക് അംഗനവാടി ജീവനക്കാരിയായി നിയമനം ലഭിക്കണമെന്ന വ്യവസ്ഥയിൽ ആര്യനാട് സബ് രജിസ്ട്രാർ മുഖേന 26.08.2017 തീയതി രജിസ്റ്റർ ചെയ്ത 1579/2017 നമ്പർ ദാനാധാര പ്രകാരം കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നു. എന്നാൽ ആശ്രിത നിയമനം ലഭിക്കുന്നതിനു കാലതാമസം വരുമെന്നതിനാൽ ദാനം നൽകിയ ഭൂമി തിരികെ വിട്ടു നൽകണമെന്ന് ശ്രീ.ജഹാംഗീർ കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയോട് അഭ്യർഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് അനുകൂല നിലപാട് സ്വീകരിക്കുകയും ശ്രീ.ജഹാംഗീർ വിട്ടു നൽകിയ ഭൂമി തിരികെ ടിയാന് തന്നെ നൽകുന്നതിന് പരാമർശം (1) പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

ടി ഭൂമിയിൽ അംഗൻവാടി നിർമ്മാണത്തിനുള്ള നടപടികൾ ഒന്നും ഇതുവരെയും സ്വീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിലും ടി സ്ഥലം നിയമാനുസരണം വിട്ടു നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് എതിർപ്പില്ലാത്തതിനാലും പ്രസ്തുത ഭൂമി തിരികെ ഭൂവുടമക്ക് നൽകാമെന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ ചട്ടം 6(1) പ്രകാരം കാട്ടാക്കട താലൂക്കിൽ മണ്ണൂർക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 45 ൽ സർവേ നമ്പർ 291/8-4-2 ൽ ഉൾപ്പെട്ട 1.22 ആർ വസ്തു ശ്രീ.ജഹാംഗീർ എന്നയാൾക്ക് തിരികെ നൽകാൻ കുറ്റിച്ചൽ ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRIYA V K
അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

നിയമവകുപ്പ് (ഉപദേശം ഡി) 4308/(ഉപദേശം ഡി3/2022)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(Fileno.RC1/39/2022/LSGD).